ഉത്തരം

(എ) ഈ കാലയളവിൽ പോലീസ് കസ്റ്റഡിയിൽ 6 പേർ മരണമടഞ്ഞിട്ടുണ്ട്;

ജയിലിൽ വച്ച് 3 തടവുകാരും ആശുപത്രികളിൽ വച്ച് 129 തടവുകാരും പരോളിൽ പോയപ്പോൾ 4 തടവുകാരും, ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് 1 തടവുകാരനും ഉൾപ്പെടെ 137 തടവുകാർ മരണമടഞ്ഞിട്ടുണ്ട്.

(ബി) പോലീസ് കസ്റ്റഡിമരണം സംബന്ധിച്ച് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തടവുകാരുടെ മരണം സംബന്ധിച്ച്, അതായത് ജയിലിൽവച്ചോ, ആശുപത്രികളിൽ വച്ചോ, ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിയോ, പരോളിൽ പോകുമ്പോഴോ മരണമടയുന്ന എല്ലാ തടവുകാരുടെയും മരണം സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

(സി) പോലീസ് കസ്റ്റഡിയിലെ മരണത്തിനുത്തരവാദികളായ പോലീസുകാർക്ക് എതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിജയമോഹന്റെ ബസ് സ്റ്റേഷനിൽ പിടിച്ചിട്ടത് സംബന്ധിച്ച പരാതി

83 [84] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുയപ്പള്ളി പോലീസ് വിജയമോഹൻ എന്നയാളുടെ പേരിലുള്ള ബസ് മൂന്നാഴ്ച ബലമായി സ്റ്റേഷനിൽ പിടിച്ചുവച്ചിരുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ബസിന്റെ രജിസ്റ്റേഡ് ഉടമസ്ഥൻ രാജേന്ദ്രൻ നായർ പരാതി നൽകിയിരുന്നു. ടി ബസ് കൊട്ടാരക്കര സബ് കോടതിയിലെ 16-1-2004-ലെ സി.എസ്. നമ്പർ 21/04 ഉത്തരവ് പ്രകാരം കോടതിയിലെ ആമീൻ ജപ്തി ചെയ്ത് പോലീസ് സ്റ്റേഷനിൽ സുക്ഷിക്കുന്നതിനായി ഏൽപ്പിച്ചിരുന്നു. കോടതി ഉത്തരവ് അനുസരിച്ച് 20-2-2004-ന് ബസ് രജിസ്റ്റേഡ് ഉടമസ്ഥന് തിരികെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly